പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3789 — 17.10.2011- ലെ മറുപടി

ചാലക്കുടി കെ.എസ്.ആർ.ടി.സി. ഓഫീസ്

ചോദ്യം — ഉത്തരം

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചാലക്കുടിയിൽ പണി പൂർത്തിയാക്കിയ സബ് ആർ.ടി.ഒ. ഓഫീസും, കെ.എസ്.ആർ.ടി.സി. സ്റ്റാഫിനുള്ള റെസ്റ്റ്റൂമും എന്ന് ഉദ്ഘാടനം നടത്തി പ്രവർത്തനക്ഷമമാക്കാൻ കഴിയും എന്നറിയിക്കാമോ ; | (എ) | ജില്ലാ നിർമ്മിതി കേന്ദ്രം തൃശ്ശൂരിനാണ് ചാലക്കുടി സബ് ആർ.ടി. ഓഫീസിന്റെ **Infrastructure** സജ്ജീകരണത്തിന്റെ ചുമതല. 95% പണി പൂർത്തിയായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ചാലക്കുടി യൂണിറ്റിൽ ജീവനക്കാർക്കുള്ള വിശ്രമ മുറിയുടെ പണി പൂർത്തിയായി ഉത്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്. |
| (ബി) | ടൂറിസ്റ്റു കേന്ദ്രമായ അതിരപ്പിള്ളിയിൽ നിന്നും തലസ്ഥാനനഗരമായ തിരുവനന്തപുരത്തേയ്ക്ക് ചാലക്കുടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന എക്സ്പ്രസ്സ് ബസ്സും, പ്രസ്തുത കേന്ദ്രത്തിൽ നിന്നും പഴനി, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്കായി പുതിയ സർവ്വീസും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | അതിരപ്പള്ളിയിലേക്ക് ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസ് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നായിരുന്നു. വരുമാനം വളരെ കുറവായത് കാരണം ടി സർവ്വീസ് ഇപ്പോൾ വീഗാലാന്റ് വരെ മാത്രമെ അയക്കുന്നുള്ളു. തമിഴ്നാട് സർക്കാരുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ യില്ലാത്തതിനാൽ പളനിയിലേക്കും പൊള്ളാച്ചിയിലേക്കും പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

— — — —

| | | | |
|---|---|---|---|
| (സി) | അതിരപ്പിള്ളി - മലക്കപ്പാറ ഹൈറേഞ്ച് റൂട്ടിലോടുന്ന ബസ്സ് പതിവായി കേടാകുന്നതടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി പുതിയ ബസ്സ് ലൈലാൻഡ് ഷോർട്ട് വീൽ ബേസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | അതിരപ്പിള്ളി - മലക്കപ്പാറ ഹൈറേഞ്ച് സർവ്വീസ് നടത്താനായി ഉപയോഗിക്കുന്നത് ചാലക്കുടി യൂണിറ്റിലെ ബസ് നം.RRC 180 ആണ്. പ്രസ്തുത ബസ് 28-11-2007 ൽ നിരത്തിലിറക്കിയതും നാല് വർഷത്തിൽ താഴെ മാത്രം പഴക്കമുള്ളതുമാണ്. ഈ ബസ് 2011 ആഗസ്റ്റ് മാസം രണ്ടും, സെപ്റ്റംബർ മാസം മൂന്നും ബ്രേക്ക് ഡൗണുകൾ ആയിട്ടുണ്ട്. ഏതാണ്ട് 90 കി.മീറ്റർ ദൂരം കാട്ടിനുള്ളിലൂടെയുള്ള വളരെ മോശമായ റോഡിൽ സർവ്വീസ് നടത്തുന്നതുകാരണം ബസ്സിന്റെ സ്പ്രിംഗ് പ്ലേറ്റുകൾ ഒടിയുകയും മറ്റും ചെയ്യുന്നുണ്ട്. പുതിയ ബസ്സുകൾ നൽകിയതുകൊണ്ട് ഇതിന് പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ